കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ) :

(എ) ഉണ്ട്.

(ബി) ഇതു് ആരോഗ്യവകുപ്പിന്റെ പരിഗണനയിലിരിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ : ഈ ഗവണ്മെന്റുമായി സഹകരിച്ചു് ഇവിടെ അലോപ്പതി ഔഷധനിർമ്മാണം നടത്താൻവേണ്ടി സംസ്ഥാനത്തിനു് പുറത്തുനിന്നു് വല്ല വ്യക്തികളോ സ്ഥാപനങ്ങളോ ആലോചനയുമായി വന്നിട്ടുണ്ടോ ?

ശ്രീ എം. എൻ. ഗോവിന്ദൻനായർ : ഉത്തരത്തിൽ പറയുന്നതുപോലെ ഇങ്ങനെയൊരു വ്യവസായശാല തുടങ്ങുന്നകാലത്തു് ആരോഗ്യവകുപ്പിന്റെ കീഴിലായതുകൊണ്ടു് അതേപറ്റിയുള്ള വിവരം എന്റെ കൈവശമില്ല.

ശ്രീ. കെ. ടി. ജോർജ്ജു് : ഇവിടെത്തന്നെ ഔഷധങ്ങൾ നിർമ്മിക്കുന്നതിനേക്കാൾ പുറമേനിന്നു വാങ്ങുന്നതാണു് ഗുണകരമെന്നു് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അതു് ആരോഗ്യമന്ത്രിക്കേ അറിയാവൂ.

ശ്രീ. ടി. എ. മജീദു് : സർ, എല്ലാ മന്ത്രിമാരും പ്രത്യേകം പ്രത്യേകമാണോ ? എല്ലാമന്ത്രിമാരുംകൂടിയും കാര്യം എല്ലാമന്ത്രിമാരും അറിഞ്ഞിരിക്കേണ്ടതല്ലേ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അലോപ്പതിഔഷധം ഇവിടെ നിർമ്മിക്കണമെന്നും അതു് ആരോഗ്യവകുപ്പിന്റെ കീഴിലായിരിക്കണമെന്നുമുള്ള പൊതുവായ തീരുമാനം അംഗീകരിച്ചിട്ടുണ്ടു്. വിശദവിവരങ്ങൾ ആരോഗ്യമന്ത്രിക്കാണു് നൽകാൻ കഴിയുന്നതു്.

ടൈറാനിയം കോംപ്ലക്സ്

* 155. [578] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള.

.. ആർ. എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ആരംഭിക്കുമെന്നു് കേട്ടിരുന്ന ടൈറാനിയം കോംപ്ലക്സിന്റെ സ്ഥാപനം സംബന്ധിച്ച പ്രവർത്തനം എത്രത്തോളമായി ;

(ബി) ഇതിനുള്ള ലൈസൻസുകൾ ഏതെങ്കിലും സ്ഥാപനത്തിനു് നൽകിക്കഴിഞ്ഞോ ;

(സി) ഉണ്ടെങ്കിൽ ലൈസൻസു് നൽകിയതു് ഏതു സ്ഥാപനത്തിനാണെന്നും ടൈറാനിയം കോംപ്ലക്സു് എന്നത്തേക്കു് സ്ഥാപിതമാകുമെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ സ്ഥാപനത്തിനുവേണ്ടി തൊടിയൂർ, തൈമനാഗപ്പള്ളി പ്രദേശങ്ങളിൽ സർവ്വേ ചെയ്തിട്ടുള്ള സ്ഥലം മുൻകൂട്ടി പൊന്നുംവിലയ്ക്കെടുക്കുവാൻ തയ്യാറാകുമോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) സാങ്കേതികസഹകരണത്തെ സംബന്ധിച്ച ചർച്ച മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ടു്.

(ബി) ലെറ്റർ ഓഫ് ഇന്റെന്റു് നൽകിയിട്ടുണ്ടു്.

(സി) മെ. ബല്ലാർപൂർ പേപ്പർ കമ്പനിക്കാണു് നല്കിയിരിക്കുന്നതു്. എന്നത്തേക്കു സ്ഥാപിതമാകുമെന്നു് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃത്യമായി സ്ഥലം തീർച്ചയാക്കുന്നതിനു മുൻപു് സ്ഥലം പൊന്നും വിലയ്ക്കു് എടുക്കുവാൻ സാധ്യമല്ല.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : ടൈറാനിയം കോംപ്ലക്സ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു് ചില കിംവദന്തികളും കേൾക്കുന്നു ; അതു് സ്ഥാപിക്കുവാൻ പോകുന്നതു് ആലുവായിലാണെന്നും അതല്ല കരുനാഗപ്പള്ളിയിലാണെന്നും പ്രചരണം ഉണ്ടു്. യഥാർത്ഥത്തിൽ എവിടെയാണു് സ്ഥാപിക്കാൻ പോകുന്നതെന്നു വ്യക്തമാക്കാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : കിംവദന്തികളും ഉള്ളതായി അറിവില്ല. മറുപടി പറയാൻ സാധ്യമല്ല.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : പത്രങ്ങളിൽ വ്യക്തമായ വാർത്ത വന്നിട്ടുണ്ടായിരുന്നു.

മി. സ്പീക്കർ : വാർത്ത വന്നിട്ടില്ലെന്നു പറഞ്ഞില്ല. ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നേയുള്ളൂ.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : ശ്രദ്ധയിൽപ്പെടുത്തിയാൽ എവിടെയാണു് ആരംഭിക്കാൻ പോകുന്നതെന്നു വ്യക്തമാക്കാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സ്ഥലം നിർണ്ണയിക്കുന്നതു ഗവണ്മെന്റല്ല. മേൽപറഞ്ഞ കമ്പനിയാണു്. അവർ സ്ഥലം തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥലം പൊന്നുംവിലക്കെടുക്കുന്നതിനുള്ള നടപടി ഗവണ്മെന്റു് കൈക്കൊള്ളും. സാദ്ധ്യതയുള്ളതു് എവിടെയാണെന്നു കൃത്യമായി പറയാൻ സാധ്യമല്ല.

ശ്രീ. കെ. ടി. ജോർജ് : എഫ്. എ. സി. ഠറി., ഠറി. സി. സി. മുതലായവയുടെ ബൈപ്രോഡക്റ്റുകളും ആവശ്യമുള്ളതുകൊണ്ടു് അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിനടുത്തായിരിക്കും, സ്ഥാപിക്കുക എന്നു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതു് അറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അങ്ങനെ വ്യവസായമന്ത്രി പറഞ്ഞിട്ടുണ്ടോ എന്നു് ഓർമ്മയില്ല.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : ഈ വ്യവസായത്തിനാവശ്യമായ റാമെറീരിയൽസ് കരുനാഗപ്പള്ളി, പവറ എന്നിവിടങ്ങളിലേ ഉള്ളൂ എന്നതുകൊണ്ടു് ഇതു് അവിടെ മാത്രമേ സ്ഥാപിക്കാൻ കഴിയൂ എന്നു് അറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : കരുനാഗപ്പള്ളിയിലാണു് റാമെറീരിയൽസ് ഉള്ളതു് എന്നതു വാസ്തവമാണു്. അതുകൊണ്ടു്, പ്രധാന ഫാക്ടറി എവിടെയുടങ്ങിയാലും ചെ നിംഗിനുള്ള ഏർപ്പാടു് കരുനാഗപ്പള്ളിയിൽത്തന്നെ ആയിരിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി : ടൈറാനിയം കോംപ്ലക്സിന്റെ പ്രവർത്തനത്തിനാവശ്യമുള്ള അസംസ്കൃത പദാർത്ഥങ്ങളുടെ സിംഹഭാഗവും ലോഹമണലായതുകൊണ്ടു് ഈ വ്യവസായം കൊല്ലം ജില്ലയിൽ നടത്തുന്നതായിരിക്കും ലാഭകരം എന്നുള്ളതു പരിഗണിച്ചു്, സ്ഥലം നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുമ്പോൾ കൊല്ലം ജില്ലയിൽ തുടങ്ങാൻ തീരുമാനിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : കൂടുതൽ ലാഭകരമായി എവിടെ നടത്താമെന്നു് കമ്പനിക്കാർ നോക്കിക്കഴിഞ്ഞേ തീരുമാനിക്കാൻ കഴിയൂ. ഗവണ്മെന്റിനേക്കാൾ ആ കാര്യത്തിൽ വൈദഗ്ധ്യമുള്ളവരാണു് കമ്പനിക്കാർ. അവർ തീരുമാനിക്കുന്നതു് കൊല്ലമെന്നാണെങ്കിൽ കൊല്ലം, കരുനാഗപ്പള്ളി എന്നാണെങ്കിൽ കരുനാഗപ്പള്ളി, ആലുവ എന്നാണെങ്കിൽ ആലുവ. അതു് അവർക്കു വിട്ടിരിക്കുകയാണു് എന്നു പറഞ്ഞതല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മാഴിക്കാട്ട് : ചന്ദ്രനിൽനിന്നു് കുറെ മണ്ണു കൊണ്ടുവരികയാണെങ്കിൽ ഇവിടെ കൂടുതൽ വ്യവസായത്തിനു സാധ്യതയുണ്ടു്. ആ പശ്യമുള്ള മണ്ണു് ധാരാളം അവിടെ കിട്ടും. അതുകൊണ്ടു് അവിടെനിന്നു് കൂടുതൽ മണ്ണു് കൊണ്ടുവരാൻ ശ്രമിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അങ്ങനെ തീരുമാനിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട മെംബർതന്നെ പോയി ചന്ദ്രനിൽനിന്നു് ആവശ്യമുള്ള മണ്ണു കൊണ്ടുവരുന്നതു് നന്നായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കേരളത്തിൽ രണ്ടു പ്രദേശങ്ങൾകൂടി വ്യാവസായിക മേഖലയാക്കുന്നതിനു് പദ്ധതിയുണ്ടായിരുന്നു. ഇപ്പോൾ ആലുവാ മേഖലയിൽത്തന്നെ വ്യവസായങ്ങൾ ഒന്നിച്ചു കിടക്കുകയാണു്. ഇങ്ങനെയുള്ള കേന്ദ്രീകരണം ഇല്ലാതാക്കുക എന്നുള്ള നിലയിൽ കൊല്ലത്തേയ്ക്കോ മറ്റൊരുകൂടി വ്യവസായം വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : വളരെ നല്ല ഒരു നിർദ്ദേശമാണു്. അതേപ്പറ്റി വ്യവസായമന്ത്രി കാര്യമായി പരിഗണിക്കും.

ശ്രീ. ബി. മാധവൻ നായർ : ഇപ്പോൾ ടൈറാനിയം കോംപ്ലക്സ് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനു സ്വകാര്യ കമ്പനികൾക്കു് ലൈസൻസു കൊടുത്തിട്ടുള്ളതുമൂലം ഗവണ്മെൻറുടമയിലുള്ള സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ മാർക്കറ്റിൽ വിറ്റഴിയാൻ പ്രയാസം നേരിടുമോ ? അതു പരിശോധിച്ചിട്ടുണ്ടോ ? ഇപ്പോൾ ഗവണ്മെൻറുടമയിലുള്ള ഫാക്ടറികളുടെ ഉല്പാദനക്ഷമത വികസിപ്പിക്കുന്നതിനു തടസ്സമാകാത്ത നിലയിൽമാത്രം സ്വകാര്യ കമ്പനികൾക്കു് ലൈസൻസ് കൊടുക്കാൻ കഴിവുണ്ടാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇവിടെയുള്ള ടൈറാനിയം ഫാക്ടറിയുടെ വികസനത്തിനു് തടസ്സം വരികയില്ല. കൂടുതൽ കൂടുതൽ ടൈറാനിയം ഉപയോഗിക്കേണ്ട ഒരു കാലഘട്ടമാണു് ഇതു്. അതുകൊണ്ടു് സ്വാഭാവികമായിത്തന്നെ കമ്പോളം വികസിച്ചുകൊണ്ടിരിക്കുകയുമാണു്. അതുകൊണ്ടു് ഗവണ്മെൻറുടമയിലുള്ള ഫാക്ടറികളുടെ വികസനത്തിനു് വിഘാതമായിത്തീരുകയില്ല.

ശ്രീ. ഇ. ബാലാനന്ദൻ : ടൈറാനിയം കോംപ്ലക്സിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളിൽ പ്രധാനമായിട്ടുള്ളതു് ലോഹമണലാണെന്നു പറഞ്ഞു. ബാക്കി പ്രദേശങ്ങളെ അപേക്ഷിച്ചു് അതു കൂടുതലായിട്ടുള്ളതു് ആലുവായും പരിസര പ്രദേശങ്ങളിലുമാണു്. അതുകൊണ്ടു് ആലുവായ്ക്കടുത്തു് എവിടെയെങ്കിലും സ്ഥാപിക്കാൻ മടിയുണ്ടാകുമോ ?

ശ്രീ എം. എൻ. ഗോവിന്ദൻ നായർ : മണൽ കഴിഞ്ഞാൽ ഏറ്റവും പ്രധാനം വൈദ്യുതിയാണു്. അതുകൊണ്ടു് ഇടുക്കിയിലോ ശബരിഗിരിയിലോ സ്ഥാപിക്കുന്നതും നന്നായിരിക്കുമല്ലോ.

ശ്രീ. പി. പി. വിൻസൻ : ആലുവ മുതലായ പ്രദേശങ്ങളിൽ വ്യാവസായികമായ വികസനം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നതുകൊണ്ടു് മറ്റെങ്കിലും അവികസിത പ്രദേശങ്ങളിൽ സ്ഥാപിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആദ്യമേ പറഞ്ഞതുപോലെ, ഈ വ്യവസായം ഏറ്റവും ലാഭകരമായി നടത്തുന്നതിനു് ഏറ്റവും പറ്റിയ സ്ഥലംനോക്കിയായിരിക്കും തീരുമാനമെടുക്കുക. ഗവണ്മെൻറുടമയിൽ സ്ഥാപിക്കുന്നതല്ല. സ്വകാര്യ ഉടമയിൽ സ്ഥാപിക്കുന്നതാണു്. അവർ ഉദ്ദേശിക്കുന്ന സ്ഥലം എടുത്തുകൊടുക്കാൻ ഗവണ്മെൻറു് നിർബന്ധിതമാണു്. എല്ലാവശങ്ങളും പരിശോധിച്ചായിരിക്കും തീരുമാനമെടുക്കുന്നതു്.